LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസർ രോഗത്തെക്കുറിച്ച് അവബോധം നൽകുകയും അവരിലൂടെ രോഗ സാധ്യതയുള്ള ജനങ്ങളെ കണ്ടെത്തി സ്ക്രീനിംഗ് ക്യാമ്പുകളിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ഉദ്ദേശിച്ചിരിക്കുന്ന കർമ്മ പദ്ധതി.

(സി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ വഴി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സി.ഡി.എസ്. വോളന്റിയർമാർക്ക് ക്യാൻസർരോഗ ബോധവത്കരണം നൽകുക, അവരിലൂടെ മറ്റ് കുടുംബശ്രീ പ്രവർത്തകർക്ക് ക്യാൻസർ രോഗസംബന്ധമായ അവബോധം സൃഷ്ടിക്കുക, പരിശീലനം ലഭിച്ച പ്രവർത്തകർ ഭവന സന്ദർശനത്തിലൂടെ രോഗ സാധ്യതയുള്ള ജനങ്ങളെ ആരോഗ്യ വകുപ്പും ക്യാൻസർ സെന്ററും ചേർന്ന് നടത്തുന്ന ക്യാൻസർ നിർണ്ണയക്യാമ്പുകളിൽ എത്തിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(ഡി) കുടുംബശ്രീ, സാമൂഹ്യ സുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ്, റീജിയണൽ ക്യാൻസർ സെന്റർ എന്നിവരാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

നാഷണൽ റൂറൽ ഹെൽത്ത് മിഷനുള്ള ധനസഹായം

39 (704) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളിൽ ഓരോ വർഷവും നാഷണൽ റൂറൽ ഹെൽത്ത് മിഷന് എത്ര തുക ധനസഹായം കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ചുവെന്നും അവയിൽ ഓരോ വർഷവും എത്ര തുക ചെലവാക്കിയെന്നും എത്ര തുക ലാപ്സായി എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗത്തിൽ ഉള്ള വീഴ്ചകളും അഴിമതികളും സംബന്ധിച്ച് ഓരോ വർഷവും എത്ര പരാതികൾ ലഭിച്ചു ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ നടത്തിപ്പിനായി നിലവിൽ എത്ര ഉദ്യോഗസ്ഥരുണ്ട് ; തസ്തികകൾ, ശമ്പള നിരക്ക്, സ്ഥിരം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ തുടങ്ങിയ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ടുപയോഗം സംബന്ധിച്ച് അക്കൗണ്ട്സ് പരിശോധിച്ചുവോ; എങ്കിൽ പരിശോധിച്ച സ്ഥാപനം ഏത് ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ക്ലസ്തുത റിപ്പോർട്ട് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയ്ക്ക് നൽകിയോ ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ വീഴ്ചകളും നിർദ്ദേശങ്ങളും എന്തെന്ന് വ്യക്തമാക്കുമോ ?

(എ) ഉത്തരം

വർഷം	കേന്ദ്ര വിഹിതം (രൂപ കോടിയിൽ)	സംസ്ഥാന വിഹിതം (രൂപ കോടിയിൽ)	ആകെ ലഭിച്ച തുക (രൂപ കോടിയിൽ)	ചെലവ് (രൂപ കോടിയിൽ)	കുറിപ്പ്
2011-12	272.24	7.5	279.74	227.83	
2012-13	227.65	30	257.65	382.48	മുൻ ബാലൻസ് ഉൾപ്പെട്ട ചെലവ്
2013-14	280.65	76.94	357.59	355.26	
2014-15	216.43	112.2428	328.6728	321.75	

ഒരു വർഷവും കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ടുകൾ ലാപ്സായിട്ടില്ല. ബാലൻസ് വരുന്ന തുക അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവാക്കുകയാണ് ചെയ്യാറുള്ളത്.

(ബി) അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി&ഇ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗത്തെ കുറിച്ച് താഴെ പറയുന്ന ഓഡിറ്റുകൾ നടത്താറുണ്ട് :

a. കൺകറന്റ് ഓഡിറ്റ് - എല്ലാ മാസവും ചെയ്യുന്ന ഓഡിറ്റുകൾ

b. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് - വാർഷിക ഓഡിറ്റ്

c. എ.ജി. ഓഡിറ്റ് - എല്ലാ വർഷവും കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഓഡിറ്റ് ചെയ്യാൻ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംസ്ഥാന ഓഫീസിൽ നടക്കാറുണ്ട്. ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly